**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **07-07-2022 - ൽ മറുപടിയ്ക്ക്**

**കയർ കോർപ്പറേഷന്റെ കോവിഡ് ഹെൽത്ത് പ്ലസ് മാറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കയർ കോർപ്പറേഷൻ സാനി മാറ്റ് എന്ന പേരിൽ പുറത്തിറക്കിയ കോവിഡ് ഹെൽത്ത് പ്ലസ് മാറ്റുകൾ ആവശ്യക്കാരില്ലാതെ കെട്ടികിടക്കുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ) | ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സംഭരിച്ച മാറ്റുകൾ രൂപമാറ്റം വരുത്തി പ്ലാസ്റ്റിക് / റബ്ബർ ട്രേകളിൽ സ്ഥാപിച്ച് അണുവിമുക്ത ലായനി ഒഴിച്ച് നിർമ്മിച്ചവയാണ് സാനിമാറ്റുകൾ. ഇത്തരത്തിൽ സാനിമാറ്റുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന 28000 ട്രേയ്ക്കൾ മാത്രമാണ് കയർ കോർപ്പറേഷൻ ഡിവിഷനിൽ മിച്ചമിരിക്കുന്നത്. |
| (ബി) | എങ്കിൽ കോർപ്പറേഷൻ ആകെ ഉല്പാദിപ്പിച്ച മാറ്റുകളുടെ എണ്ണം, എത്ര തരത്തിലുള്ളവ, ഓരോ മാറ്റിന്റെയും ജി.എസ്.ടി. ഉൾപ്പെടെയുള്ള വില എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; ഇവ ഉല്പാദിപ്പിക്കുന്നതിനായി ആകെ എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | "സാനിമാറ്റ്" കയർ മാറ്റും, ട്രേയും, അണുവിമുക്ത ലായനിയും ഉൾപ്പെട്ടതാണ്. നിലവിൽ കയർ കോർപ്പറേഷന്റെ കൈവശം ഉള്ള മാറ്റുകളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.<br><br>ക്രയവിലസ്ഥിരതാപദ്ധതി പ്രകാരം സംഭരിച്ചിരിക്കുന്ന ഉൽപ്പന്നങ്ങളിൽ പല വലിപ്പത്തിലുള്ള മാറ്റുകൾ ഉണ്ട്. മാറ്റുകളുടെ വലിപ്പത്തിന് ആനുപാതികമായി വിവിധ ഇനം ട്രേകൾ വാങ്ങിയിട്ടുണ്ട്. ടി ട്രേകളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരം ആണ്.<br><br>റബർ ട്രേ (38 സെ.മീ x 35 സെ.മീ) - 141.60 (ജി.എസ്.ടി ഉൾപ്പടെ)<br><br>റബർ ട്രേ (55 സെ.മീ x 85 സെ.മീ) - 354.00 (ജി.എസ്.ടി ഉൾപ്പടെ)<br><br>റബർ ഡബിൾ ട്രേ (52 സെ.മീ x 82 സെ.മീ) - 295.00 (ജി.എസ്.ടി ഉൾപ്പടെ)<br><br>പ്ലാസ്റ്റിക്ക് ട്രേ (49 സെ.മീ x 79 സെ.മീ) - 247.80 (ജി.എസ്.ടി ഉൾപ്പടെ)<br><br>ആകെ സാനിമാറ്റ് ആയി രൂപപ്പെടുത്തിയ മാറ്റുകളുടെ എണ്ണം - 21,616 എണ്ണം. ആയത് 7 തരത്തിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മാറ്റുകൾ ചെലവാകാതെ കെട്ടിക്കിടക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; വിപണി പഠിക്കാതെ ഉയർന്ന വില നിശ്ചയിച്ച് ഉല്പന്നം പുറത്തിറക്കിയത് ഇതിന് കാരണമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സാനിമാറ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ വിറ്റഴിച്ച് തുടങ്ങിയപ്പോൾ തന്നെ കോവിഡിന്റെ ശക്തി കുറഞ്ഞത് വിൽപ്പനയെ പ്രതികൂലമായി ബാധിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിനോട് അനുബന്ധിച്ച് ഓരോ ക്ലാസ് മുറിയിലും ഓരോ മാറ്റ് എന്ന കണക്കിലാണ് ട്രേകൾ നിർമ്മിച്ചത്. എന്നാൽ 10, 11, 12 ക്ലാസുകൾ മാത്രമാണ് ഈ സമയത്ത് തുറന്ന് പ്രവർത്തിച്ചത് എന്നതുമൂലവും കുറെ ട്രേകൾ വിപണനം നടത്താതെ മിച്ചം വന്നു. ഉയർന്ന വില ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതിന് കാരണമായിട്ടില്ല. |
| (ഡി) | ഏതൊക്കെ സ്ഥാപനങ്ങളാണ് കയർ കോർപ്പറേഷന് വേണ്ടി പ്രസ്തുത ഉല്പന്നങ്ങൾ നിർമ്മിച്ച് നൽകിയതെന്നും ഈ സ്ഥാപനങ്ങൾ കോർപ്പറേഷനിൽ നിന്നും എത്ര രൂപ വീതമാണ് ഈടാക്കിയിട്ടുള്ളതെന്നും സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിൽ പാലിച്ചിട്ടുള്ള നടപടി ക്രമങ്ങളും വിശദമാക്കുമോ; | (ഡി) | ഇ-ടെൻഡർ മുഖേനയാണ് സാനിമാറ്റിന് ആവശ്യമായ ട്രേയും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങിയത്.<br>1) റബ്ബർ ട്രേ മെ. നെരിയ ഇൻഡസ്ട്രീസ്, കോട്ടയം,<br>2) പ്ലാസ്റ്റിക് ട്രേ മെ. വാസ്മാൻ എൻഞ്ചിനീയറിംഗ്, ചെന്നൈ,<br>3) അണുനാശിനി മെ. പരിഷത്ത് പ്രൊഡക്ഷൻ സെന്റർ, പാലക്കാട്, എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയത്. ഓരോന്നിനും ചെലവായ തുക ചുവടെ ചേർക്കുന്നു.<br>1. റബ്ബർ ട്രേ - 28,38,292/-<br>2. പ്ലാസ്റ്റിക് ട്രേ - 78,77,029/-<br>3. അണുനാശിനി - 18,00,887/- |
| (ഇ) | എത്ര സാനി മാറ്റുകൾ വീതമാണ് വിവിധ സംഭരണ കേന്ദ്രങ്ങളിലായി കെട്ടിക്കിടക്കുന്നത്; ഇവ കുടുംബശ്രീ യൂണിറ്റുകൾ വഴി വിൽക്കുന്നതിന് ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ നിർബന്ധിതമായി വിറ്റഴിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ; | (ഇ) | 28000 ട്രേകൾ മാത്രമാണ് കയർ കോർപ്പറേഷൻ ഡിവിഷനിൽ മിച്ചം ഇരിക്കുന്നത്. കെ.എസ്.എഫ്.ഇ യെയോ, മറ്റ് സ്ഥാപനങ്ങളേയോ ഈ ഉൽപ്പന്നം വാങ്ങുന്നതിന് നിർബന്ധിച്ചിട്ടില്ല. |
| (എഫ്) | കെട്ടിക്കിടക്കുന്ന മാറ്റുകൾ എലിയും മറ്റ് ക്ഷുദ്ര ജീവികളും കടിച്ച് നശിക്കുകയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ ഇവ അടിയന്തരമായി വിറ്റഴിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (എഫ്) | കെട്ടിക്കിടക്കുന്ന മാറ്റുകൾ എലിയും മറ്റ് ക്ഷുദ്ര ജീവികളും കടിച്ച് നശിക്കുകയാണെന്ന റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണ്. 28,000 ട്രേകൾ മാത്രമാണ് മിച്ചം വന്നത്. കൃഷി വകുപ്പുമായും, തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച്, ഈ ട്രേകൾ ഉപയോഗിച്ച് മൈക്രോഗ്രീൻ നിർമ്മിച്ച് വിൽക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഇനം | അളവ് | എം.ആർ.പി. (ജി.എസ്.ടി ഉൾപ്പടെ) | നിർമ്മാണ ചിലവ് |
|---|---|---|---|---|
| 1 | സാനി കയർ മാറ്റ് ബി സി 20 38 സെ.മി X 45 സെ.മി + 1/2 ലിറ്റർ ലായനി | 487 | 602.00 | 350.00 |
| 2 | സാനി കയർ മാറ്റ് ബി സി 20 – 38 സെ.മി X 45 സെ.മി + 1/2 ലിറ്റർ ലായനി + ഡ്രൈ മാറ്റ് പി.വി.സി 40 സെ.മി X 60 സെ.മി | 327 | 812.00 | 470.00 |
| 3 | സാനി കയർ മാറ്റ് ബി സി 20 – 45 സെ.മി X 75 സെ.മി + 1 ലിറ്റർ ലായനി | 111 | 1189.00 | 760.00 |
| 4 | സാനി കയർ മാറ്റ് ബി സി 20 – 45 സെ.മി X 75 സെ.മി + 1 ലിറ്റർ ലായനി + ഡ്രൈ മാറ്റ് പി.വി.സി 45 സെ.മി X 75 സെ.മി | 18222 | 999.00 (Spl. Rate for School) | 830.00 |
| 5 | സാനി കയർ മാറ്റ് ഡബിൾ ട്രേ ബി സി 20 – 38 സെ.മി X 45 സെ.മി + 1/2 ലിറ്റർ ലായനി + ഡ്രൈ മാറ്റ് പി.വി.സി 38 സെ.മി X 45 സെ.മി | 259 | 1050.00 | 565.00 |
| 6 | സാനി കയർ മാറ്റ് പ്രിമിയം എഫ്.എം.2 – 46 സെ.മി X 76 സെ.മി + 1 ലിറ്റർ ലായനി | 298 | 1907.50 | 1146.00 |
| 7 | സാനി കയർ മാറ്റ് പ്രിമിയം എഫ്.എം.2 – 46 സെ.മി X 76 സെ.മി + 1 ലിറ്റർ ലായനി + ഡ്രൈ മാറ്റ് പി.വി.സി 3' X 5 ' | 1912 | 2982.00 | 1796.00 |

സെക്ഷൻ ഓഫീസർ